## പതിനാലാം കേരള നിയമസഭ

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

## രണ്ടാമത് റിപ്പോർട്ട്

**(2017 ആഗസ്റ്റ് മാസം 17-ാം തീയതി സമർപ്പിച്ചത്)**

സമിതി (2014-2016)യുടെ നാലാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2017

പതിനാലാം കേരള നിയമസഭ

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

## രണ്ടാമത് റിപ്പോർട്ട്

സമിതി (2014-2016)യുടെ നാലാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

1256/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 12 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. കൃഷ്ണൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ദാസൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ. ഹൈബി ഈഡൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. സി. കെ. നാണു

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എം. നൗഷാദ്

ശ്രീ. എം. വിൻസെന്റ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഇ. വിൽമറ്റ് ജോൺ, അണ്ടർ സെക്രട്ടറി.

## ആമുഖം

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2014-2016)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2017 ആഗസ്റ്റ് മാസം 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

സി. കൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*മത്സ്യത്തൊഴിലാളികളുടെയും*
*അനുബന്ധ തൊഴിലാളികളുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 17.

# ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-2016) യുടെ നാലാമത് റിപ്പോർട്ട് (കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട്) 2014 ജൂലൈ 16-ന് സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് 8-1-2015-ൽ സഹകരണം, മത്സ്യബന്ധന തുറമുഖം എന്നീ വകുപ്പുകളിലേയ്ക്കയക്കുകയും ചെയ്തിരുന്നു.

റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ മത്സ്യബന്ധന തുറമുഖം, ധനകാര്യ (ഡെവ. വിംഗ്), സഹകരണം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച സർക്കാർ നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്. ഈ റിപ്പോർട്ട് രണ്ടു ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടുകളും, രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്ന് നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശയും ഉൾപ്പെടുത്തിയിരിക്കുന്നു.

റിപ്പോർട്ടിലെ ഖണ്ഡിക 23-ലെ ശിപാർശയിന്മേൽ സഹകരണ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്മേലുള്ള സഹകരണ സംഘം രജിസ്ട്രാറുടെ മാർഗ്ഗനിർദ്ദേശം സംബന്ധിച്ച 31-12-2015-ലെ സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു.

<u>ഭാഗം I</u>

**ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ**

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | മത്സ്യത്തൊഴിലാളി കടാശ്വാസ വിതരണത്തിനായി ബാങ്കുകൾക്ക് ലഭിക്കുന്ന തുക കൃത്യമായി അർഹരായ മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് കടാശ്വാസത്തിന്റെ ഗുണഫലം മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം ലഭ്യമാക്കാൻ വേണ്ട | **<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>**<br>(12-5-2015-ലെ 11994/ബി3/14/മ.തു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി ശിപാർശ ചെയ്യുന്നതും സർക്കാർ സഹകരണ വകുപ്പിന് |

| | | |
|---|---|---|
| | നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 20) | ലഭ്യമാക്കുന്നതുമായ പട്ടികകളിന്മേൽ സർക്കാർ നിർദ്ദേശത്തിന് അനുസൃതമായ വകുപ്പുതല പരിശോധന നടത്തി അർഹത ഉറപ്പ് വരുത്തിയാണ് ആനുകൂല്യതുക ബന്ധപ്പെട്ട സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നത്. ആയതിന് അനുവദനീയമായ കാലതാമസം മാത്രമാണ് ഉണ്ടാകുന്നത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളിൽ നിന്നും പരാതി ലഭിക്കുകയാണെങ്കിൽ ആയതിന്മേൽ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കാറുണ്ട് എന്ന് സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.<br>(31-5-2017-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു) |
| | | **സഹകരണ വകുപ്പ്**<br>(23-5-2015-ലെ 1167/പി.എസ്.1/15/ സഹ. നമ്പർ കത്ത്)<br>കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി ശിപാർശ ചെയ്യുന്നതും സഹകരണ വകുപ്പിന് ലഭ്യമാക്കുന്നതുമായ പട്ടികകളിന്മേൽ വകുപ്പുതല പരിശോധന നടത്തി അർഹത ഉറപ്പ് വരുത്തിയാണ് ആനുകൂല്യതുക ബന്ധപ്പെട്ട സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നത്. ആയതിന് അനുവദനീയമായ കാലതാമസം മാത്രമാണ് ഈ വകുപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത്. ടി പദ്ധതിയുമായി |

| | | |
|---|---|---|
| | | ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും പരാതി ലഭിക്കുകയാണെങ്കിൽ ആയതി ന്മേൽ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കാറുണ്ട്.<br><br>(സമിതിയുടെ 31-5-2017-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു) |
| 2 | മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളിൽ കടാശ്വാസം അനുവദിച്ചു കൊണ്ട് മത്സ്യബന്ധനതുറമുഖ(ബി) വകുപ്പ് പുറപ്പെടുവിച്ച 6-12-2010-ലെ സ.ഉ.(പി).91/10/മതുവ നമ്പർ സർക്കാർ ഉത്തരവിലെ 10-ാം ഖണ്ഡികയും സഹകരണ വകുപ്പിന്റെ സർക്കുലറിന്റെ 11-ാം ഖണ്ഡികയും ആവശ്യമായ തിരുത്തലുകൾ വരുത്തി പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണ മെന്നും മേൽ ഉത്തരവ്/സർക്കുലർ പ്രകാരം കടാശ്വാസം നിഷേധിക്ക പ്പെട്ടവർക്ക് കേസ്സുകൾ പുനഃപരി ശോധിച്ച് അർഹമായ തുക കടാശ്വാസ മായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 22) | **<u>മത്സ്യബന്ധന തുറമുഖ വകുപ്പ്</u>**<br><br>(12-5-2015-ലെ 11994/ബി3/14/മ.തു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br><br>2010-ലെ ഉത്തരവിലെ 10-ാം ഖണ്ഡികയിലും 2012-ലെ സർക്കുലറിലെ 11-ാം ഖണ്ഡികയിലും പറയുന്ന തത്തുല്യമായ തുകയ്ക്ക് എന്ന പദ പ്രയോഗം ഒരേ കടത്തിനു തന്നെ വിവിധ മാർഗ്ഗങ്ങളിലൂടെ ഒന്നിൽ കൂടുതൽ പ്രാവശ്യം ആനുകൂല്യം നൽകുന്നതുമൂലം ഉണ്ടായേക്കാവുന്ന ബാദ്ധ്യത ഒഴിവാ ക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ആനുകൂല്യ ത്തിന്റെ പരിധി 75,000 രൂപ എന്ന് നിയമത്തിലോ ചട്ടത്തിലോ പറഞ്ഞി ട്ടില്ലാത്തതുപോലെ തന്നെ തത്തുല്യമായ തുകയ്ക്ക് ഒന്നിൽ കൂടുതൽ പ്രാവശ്യം ആനുകൂല്യം നൽകരുതെന്ന ഒരു നിരോധനവും നിയമത്തിലോ ചട്ടത്തി ലോ ഉൾക്കൊള്ളിച്ചിട്ടില്ല. തത്തുല്യമായ തുകയ്ക്ക് ഒന്നിൽ കൂടുതൽ പ്രാവശ്യം ആനുകൂല്യം നൽകുക എന്നത് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതി നാൽ പ്രസ്തുത സർക്കാർ ഉത്തരവിൽ മാറ്റം വരുത്തേണ്ടതില്ല എന്ന് സമിതിയെ അറിയിക്കാവുന്ന താണ്.<br><br>(സമിതിയുടെ 31-5-2017-ലെ യോഗം അംഗീകരിച്ചു) |

| | | |
|---|---|---|
| | | **സഹകരണ വകുപ്പ്**<br>(23-5-2015-ലെ 1167/പി.എസ്.2/15/സഹ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>6-12-2010-ലെ ജി.ഒ.(പി)91/10/മ.ഇ.വ. നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ടി പദ്ധതി സഹകരണ സംഘങ്ങളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 31/12 നമ്പർ സർക്കുലർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളത്. ടി സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച് ഫിഷറീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ 31/12 നമ്പർ സർക്കുലർ സർക്കാർ ഉത്തരവിൽ വരുത്തുന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തുന്നതിനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.<br>(സമിതിയുടെ 31-5-2017-ലെ യോഗം അംഗീകരിച്ചു) |
| 3 | കടാശ്വാസ കമ്മീഷന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാകുന്നതുവരെ മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുമ്പോൾ തന്നെ ലോൺ തുക തിരിച്ചടക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സാവകാശം ലഭിക്കുന്നതിനായി ഹൗസിംഗ് ഫെഡറേഷന്റേയും ഇതര ധനകാര്യ | **സഹകരണ വകുപ്പ്**<br>(23-5-2015-ലെ 1167/പി.എസ്.1/2015/ സഹ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>മത്സ്യത്തൊഴിലാളികളുടെ വായ്പകളിൽ മേലുള്ള ജപ്തി നടപടി 31-12-2015 വരെ നിർത്തി വച്ചുകൊണ്ട് 30-12-2014-ലെ 61/2014 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ |

| | | |
|---|---|---|
| | സ്ഥാപനങ്ങളുടെയും യോഗം വിളിച്ചു ചേർക്കേണ്ടതും വായ്പാ തിരിച്ചടവിന് സാവകാശം ലഭ്യമാക്കുന്നതിനും പലിശ/പിഴപ്പലിശ എന്നീ കാര്യങ്ങളിൽ ക്രിയാത്മകമായ തീരുമാനമുണ്ടാകുന്നതിനും നടപടി സ്വീകരിക്കണമെന്നും മോറട്ടോറിയം പ്രഖ്യാപിച്ചതിനുശേഷവും ജപ്തി നടപടികളുമായി മുന്നോട്ടു പോകുന്ന ബാങ്കുകൾ പ്രസ്തുത നടപടിയിൽ നിന്ന് പിൻതിരിയണമെന്ന് സഹകരണ വകുപ്പ് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 23) | നിർദ്ദേശം നൽകിയിട്ടുണ്ട്. (അനുബന്ധം) ടി നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ സംബന്ധിച്ച പരാതികളിന്മേൽ തുടർനടപടികൾ സ്വീകരിക്കാറുണ്ട്.<br>(സമിതിയുടെ 31-5-2017-ലെ യോഗം പരിഗണിച്ചു) |
| 4 | കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി ശിപാർശ ചെയ്യേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾതന്നെ പ്രാഥമിക സഹകരണ സംഘം/ബാങ്ക് പ്രതിനിധികളെക്കൂടി കമ്മീഷൻ സിറ്റിംഗിൽ ഉൾപ്പെടുത്തി അപേക്ഷയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കി ലിസ്റ്റ് തയ്യാറാക്കേണ്ടതാണെന്നും തുടർന്ന് സഹകരണ വകുപ്പ് നടത്തുന്ന പുനഃപരിശോധനാ സംവിധാനം ഒഴിവാക്കേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 24) | **<u>സഹകരണ വകുപ്പ്</u>**<br>(23-5-2015-ലെ 1167/പി.എസ്.1/15 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>പ്രത്യേകമായി പരിശോധിക്കുന്നതാണ്.<br>(സമിതിയുടെ 31-5-2017-ലെ യോഗം പരിഗണിച്ചു) |
| 5 | കടാശ്വാസത്തിന് അർഹരായി കടാശ്വാസ കമ്മീഷന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാ | **<u>മത്സ്യബന്ധന തുറമുഖ വകുപ്പ്</u>**<br>(12-5-2015-ലെ 11994/ബി3/14/മ.തു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്) |

| | | |
|---|---|---|
| | ളികൾക്കും അവർ ഭാഗികമായോ പൂർണ്ണമായോ കടം അടച്ച് തീർത്തിട്ടുണ്ടെങ്കിൽ പോലും അർഹമായ കടാശ്വാസം ലഭ്യമാക്കുന്നതിനായി അടിയന്തരമായി നിയമത്തിൽ ഭേദഗതി വരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 25) | ജപ്തി ഒഴിവാക്കാൻ പലരിൽ നിന്നും കടം വാങ്ങി അടയ്ക്കേണ്ടിവന്ന തുകകൾ മത്സ്യത്തൊഴിലാളികൾക്ക് പരമാവധി ആനുകൂല്യം ലഭിക്കാൻ മടക്കി നൽകുന്ന വിഷയം പരിശോധിച്ച് വരുന്നു. (സമിതിയുടെ 31-5-2017-ലെ യോഗം പരിഗണിച്ചു) |
| 6 | നിലവിൽ കമ്മീഷന്റെ കാലാവധി 2015 മാർച്ച് വരെ ആകയാൽ അർഹരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും കമ്മീഷന്റെ കാലാവധിക്ക് മുമ്പ് കടാശ്വാസം അനുവദിച്ചു നൽകുന്നതിനായി കമ്മീഷൻ ആവശ്യമെങ്കിൽ ജില്ലാടിസ്ഥാനത്തിൽ ബഞ്ചുകൾ രൂപീകരിച്ച് എല്ലാ ദിവസവും സിറ്റിംഗ് നടത്തേണ്ടതും നടപടിക്രമം ത്വരിതപ്പെടുത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 26) | (12-5-2015-ലെ 11994/ബി3/14/മ.ഉ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്) 2014 സെപ്റ്റംബർ മാസം മുതൽ തന്നെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രതിമാസ സിറ്റിംഗുകളുടെ എണ്ണം ഇരട്ടിയായി വർദ്ധിപ്പിച്ച തീരുമാനം എടുത്തിരുന്നു. കൂടുതൽ ബഞ്ചുകൾ രൂപീകരിച്ചാണ് ഈ സംവിധാനം നടപ്പിൽ വരുത്തിയത്. 28-3-15-ലെ സ.ഉ.(അച്ചടി) 14/15/ മ.ഉ.വ. നമ്പർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷന്റെ കാലാവധി 27-3-2017 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. (സമിതിയുടെ 31-5-2017-ലെ യോഗം പരിഗണിച്ചു) |
| 7 | പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള കടാശ്വാസം നൽകുന്നതിന് മതിയായ തുക അനുവദിക്കുവാൻ ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 27) | <u>**ധനകാര്യ വകുപ്പ്**</u> (30-10-2014-ലെ 7290/3/14/ധന നമ്പർ കത്തു പ്രകാരം ലഭിച്ചത്) മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി വായ്പയെടുത്ത ബാങ്കുകളിൽ നിന്ന് ലഭ്യമാകുന്ന രേഖകൾ സഹകരണ വകുപ്പ് രജിസ്ട്രാർ |

| | | |
|---|---|---|
| | | വിശദമായി പരിശോധിച്ചശേഷം അടുത്ത ഗഡു തുക അനുവദിക്കേണ്ടത് എത്രയാണെന്ന് നിശ്ചയിച്ച് വിശദമായ രേഖകളോടെ ആവശ്യമായ തുകയ്ക്കുള്ള ശിപാർശ ഭരണ വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കാണ് തുക അനുവദിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം "2405-800-21 കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ -34 മറ്റു ചെലവുകൾ (പദ്ധതിയേതരം)" എന്ന ശീർഷകത്തിൻ കീഴിൽ വകയിരുത്തിയിരിക്കുന്ന ഒരു കോടി രൂപയ്ക്ക് പുറമേ 25 കോടി രൂപ കൂടി 2014-15-ലെ ആദ്യഉപധനാഭ്യർത്ഥന ജൂലൈ 2014-ൽ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2013-14), സഹകരണ വകുപ്പ് രജിസ്ട്രാർ വിശദമായി പരിശോധന പൂർത്തിയാക്കിയ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് കടാശ്വാസം അനുവദിക്കുന്ന തിനായി 19,49,51,658 രൂപ അനുവദിച്ചിട്ടുണ്ട്. ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം കൃത്യമായ കണക്കുകളോടെ ആവശ്യമായ രേഖകൾ സഹിതം ശിപാർശ സമർപ്പിക്കുമ്പോൾ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് സമിതിയെ അറിയിക്കുന്നു.<br><br>(സമിതിയുടെ 13-5-2015-ലെ യോഗം പരിഗണിച്ചു) |

| | | |
|---|---|---|
| 8 | കോഴിക്കോട് കൊയിലാണ്ടിയിലെ ജലറാണി സ്വയം സഹായ സഹകരണ സംഘത്തിലെ അംഗങ്ങൾക്ക് കമ്മീഷൻ ശിപാർശ ചെയ്ത കടാശ്വാസം അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 29) | **മത്സ്യബന്ധന തുറമുഖ വകുപ്പ്**<br>(12-5-2015-ലെ 11994/ബി3/14/മ.തു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>സ്വയം സഹായ സംഘങ്ങളിലെ എല്ലാ അംഗങ്ങൾക്കും കടാശ്വാസം അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**സഹകരണ വകുപ്പ്**<br>(4-6-2015-ലെ 2510/ബി2/2014/സഹ. നമ്പർ കത്തു പ്രകാരം ലഭിച്ചത്)<br>(ഫയൽ നമ്പർ 22042/എഫ്.ഡബ്ല്യൂ.സി1/14/നി.സെ.)<br>സ്വയം സഹായ ഗ്രൂപ്പിലെ മുഴുവൻ അംഗങ്ങളുടെയും കടങ്ങൾ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് ശ്രീ. ബാബു വി.വി. (ലീഡർ) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ താഴെപ്പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നു:<br>മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 6-12-2010-ലെ സ.ഉ.(പി) നമ്പർ 91/2010/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം ഒരുവ്യക്തിക്കോ യൂണിറ്റിനോ അനുവദിക്കാവുന്ന പരമാവധി കടാശ്വാസം 75,000/- രൂപയാണ്. ജലറാണി സ്വയം സഹായ സംഘത്തിന്റെ 27-2-2007-ലെ ഭരണ സമിതി തീരുമാനപ്രകാരം കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ |

| | | |
|---|---|---|
| | | വാങ്ങുന്നതിന് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുള്ളതും, ടിയാന്മാർ 28-2-2007-ൽ വായ്പാ എഗ്രിമെന്റിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ ബാങ്ക് അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. ടി സ്വയം സഹായ സംഘത്തിനാണ് ബാങ്ക് വായ്പ അനുവദിച്ചിട്ടുള്ളത്. ഇക്കാരണത്താലാണ് ടി ഗ്രൂപ്പിന് ലഭിക്കേണ്ടിയിരുന്ന പരമാവധി കടാശ്വാസ തുകയായ 75,000/- രൂപ ടി ഗ്രൂപ്പിന്റെ ലീഡർക്ക് അനുവദിച്ചു നൽകിയിരുന്നത്.<br><br>ഗ്രൂപ്പിലെ മുഴുവൻ അംഗങ്ങൾക്കും കടാശ്വാസം അനുവദിച്ച് നൽകണമെന്ന് അപേക്ഷിച്ച് ഗ്രൂപ്പ് ലീഡർ ശ്രീ. ബാബു വി.വി., ബഹു. കടാശ്വാസ കമ്മീഷനിൽ സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ 20-6-2014-ലെ കമ്മീഷന്റെ 259/ബി/14/ KSFCRC നമ്പർ കത്ത് പ്രകാരം നൽകിയിരുന്ന മാർഗ്ഗനിർദ്ദേശത്തിൽ 6-12-2010-ലെ സ.ഉ.(പി) നമ്പർ 91/2010/ മ.തു.വ. നമ്പർ ഉത്തരവിൽ ഒരു കുടുംബത്തിലെ ഭർത്താവായ മത്സ്യത്തൊഴിലാളിയും ടിയാന്റെ ഭാര്യയും കടക്കാരാണെങ്കിൽ അവർ രണ്ട് പേരെയും കടാശ്വാസം നൽകേണ്ട ആവശ്യത്തിന് വേണ്ടി ഒരു യൂണിറ്റായി കണക്കാക്കണമെന്നാണ് പറയുന്നതെന്നും ഗ്രൂപ്പിനെയല്ലായെന്നും, ആകയാൽ ജലറാണി സ്വയം സഹായ ഗ്രൂപ്പിലെ 28 പേർക്കും കടാശ്വാസം അനുവദിച്ച് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | കമ്മീഷന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി ഗ്രൂപ്പിന് അർഹതപ്പെട്ടതും ലഭിക്കാൻ ബാക്കി യുള്ളതുമായ തുക കൂടി ഉൾപ്പെടുത്തി ആകെ 9,50,71,325 രൂപയുടെ പ്രൊപ്പോസൽ 17-11-2014-ൽ ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട് എന്നും ടി തുക ലഭ്യമാകുന്ന മുറയ്ക്ക് ടി സ്വയം സഹായ ഗ്രൂപ്പിന് തുക അനുവദിച്ച് നൽകുന്നതാണെന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം നിയമസഭാ സമിതിയെ അറിയിക്കുന്നു.<br><br>**<u>മത്സ്യബന്ധന തുറമുഖ വകുപ്പ്</u>**<br><br>(5-10-2015-ലെ 1485/ബി3/14/മ.തു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br><br>കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ കൊയിലാണ്ടി ശാഖയിൽ നിന്നും വായ്പയെടുത്ത, ശ്രീ.ബാബു വി.വി. ഗ്രൂപ്പ് ലീഡറായുള്ള സ്വയം സഹായ ഗ്രൂപ്പിലെ മുഴുവൻ പേർക്കും കടാശ്വാസം അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |
| 9 | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ മത്സ്യബന്ധന തുറമുഖ വകുപ്പും സഹകരണ വകുപ്പും ഏകോപിച്ച് പ്രവർത്തിക്കണമെന്നും കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് മത്സ്യത്തൊഴിലാളികളുമായും അവരുടെ പ്രശ്നങ്ങളുമായും ഏറെ ബന്ധമുള്ള മത്സ്യ | (12-5-2015-ലെ 11994/ബി3/14/മ.തു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br><br>സമിതിയുടെ ഇക്കാര്യത്തിലുള്ള ശിപാർശ അംഗീകരിക്കാവുന്നതും, ശിപാർശ നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിക്കുന്നതുമാണ്.<br><br>(31-5-2017-ലെ സമിതിയോഗം പരിഗണിച്ചു.) |

| | | |
|---|---|---|
| | ബന്ധന തുറമുഖ വകപ്പിനെ ചുമതല പ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 30) | |

| ഭാഗം II<br>**സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭ്യമാക്കാത്ത ശിപാർശ** | |
|---|---|
| ശിപാർശ | വകുപ്പ് |
| കടാശ്വാസവിതരണത്തിനായി സർക്കാരിൽ നിന്നും ലഭ്യമായ തുക മുഴുവൻ മത്സ്യഫെഡ് വിതരണം ചെയ്തു കഴിഞ്ഞുവെന്നും 8 കോടി രൂപയോളം ഇതിനായി ആവശ്യമുണ്ടെന്നും ആയതിനാൽ സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. TRP ഫണ്ടിൽ ശേഷിക്കുന്ന തുകയിൽ പരമാവധി തുക കടാശ്വാസത്തിനായി മത്സ്യഫെഡിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 28) | **<u>മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്</u>** |

തിരുവനന്തപുരം,
2017 ആഗസ്റ്റ് 17.

സി. കൃഷ്ണൻ,
അദ്ധ്യക്ഷൻ,
*മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

1256/2017.

<u>അനുബന്ധം</u>

സി.ജി.(2) 40000/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 30-12-2014

വിഷയം:- സഹകരണ വകുപ്പ്-കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ-മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായത്-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- 15-12-2014-ലെ സ.ഉ.(കൈ)72/14 മ.തു.വ. നമ്പർ ഉത്തരവ്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 31-12-2007 വരെ, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ നേടിയിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്ന് അവർക്ക് ആശ്വാസം നൽകുന്നതിന് നിലവിലുള്ള മോറട്ടോറിയത്തിന്റെ കാലാവധി 1-1-2015 മുതൽ 31-12-2015 വരെ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു:

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 31-12-2007 വരെ, മത്സ്യബന്ധനോ പകരണങ്ങൾ വാങ്ങൽ ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ നേടിയിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31-12-2015 വരെ മോറട്ടോറിയം അനുവദിച്ച് ഉത്തരവാകുന്നു.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്,
എസ്. ലളിതാംബിക ഐ. എ. എസ്.,
*സഹകരണ സംഘം രജിസ്ട്രാർ.*

<u>പകർപ്പ്:—</u>

(1) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ (ജനറൽ & ആഡിറ്റ്) മാർക്കും.

(2) രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.

(3) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.

(4) സെക്രട്ടറി, കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ.

(5) ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.

(6) എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർക്കും.

(7) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക് (ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ ആഡിറ്റ് മുഖേന).

(8) സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന).

(9) ഡെപ്യൂട്ടിഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ.

(10) അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന).

(11) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ.

(12) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.

(13) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.

(14) സ്റ്റോക്ക് ഫയൽ/സ്പെയർ.

(15) വെബ്സൈറ്റ്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.